കോളനൈസേഷൻ

* ൭൫൨. (൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കോളനൈസേഷൻ സ്കീം അനുസരിച്ചു റാന്നി റേഞ്ചിൽനിന്നും വനഭൂമി ഒഴിച്ചു പൊതുജനങ്ങൾക്കു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതുകൊണ്ട് എത്ര ഏക്കർ സ്ഥലം;

(സി) ഈ വിഷയത്തിൽ ഹരിജനങ്ങളുടെ അപേക്ഷാക്കായ്ത്തുകളിൽ സദയം ശ്രദ്ധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) അതുകൊണ്ട് രണ്ടായിരം ഏക്കർ സ്ഥലം കോളനൈസേഷന്റെ ആവശ്യത്തിനു വിട്ടുകൊടുക്കുവാൻ സാധിക്കുമെന്നു ചീഫ് കൺസർവേറ്റർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) ഹരിജനങ്ങളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഹരിജനങ്ങൾക്ക് ആവശ്യമുള്ള സ്ഥലം കൊടുക്കുന്നതിനു തീർച്ചയായും അവരുടെ പെറ്റീഷനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അതിൽ ഏതെങ്കിലും ഭാഗം വീതിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മുപ്പതോ മുപ്പത്തഞ്ചോപേർ അടങ്ങിയ ഒരപേക്ഷ ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്. അവർക്ക് സ്ഥലം കൊടുക്കുന്നതിന് വിരോധമില്ലെന്നു ഗവൺമെന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അപേക്ഷകന്മാർ എല്ലാവരും ഇപ്പോൾ യഥാർത്ഥത്തിൽ ജീവിച്ചിരിപ്പുള്ളവരാണോ എന്നറിയുന്നതിനായി അതു താസിൽദാർക്ക് അന്വേഷണത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: വീതിച്ചു കൊടുക്കുവാൻ നീക്കിവയ്ക്കപ്പെട്ട സ്ഥലത്തിൽ ഏതെങ്കിലും ഭാഗം വാർ സർവ്വീസിൽ പോയവർക്ക് കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ ൨,൫൦൦ ഏക്കർ സ്ഥലം പട്ടാളത്തിൽനിന്ന് പിരിച്ചുവിട്ട ആളുകൾക്കു കൊടുക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ബാക്കി ൫൦൦ ഏക്കർ സ്ഥലം പൊതുജനങ്ങളുടെ ആവശ്യത്തിനുള്ളതാണ്. ഈ ൫൦൦ ഏക്കർ സ്ഥലം ഹരിജനങ്ങളുടെ ആവശ്യപ്രകാരം അവർക്കു കൊടുക്കുന്നതിനുവേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇതിൽനിന്നും ൨,൫൦൦ ഏക്കർ സ്ഥലം പട്ടാളത്തിൽനിന്നു പിരിച്ചുവിടപ്പെട്ടവർക്കു കൊടുത്തുകഴിഞ്ഞാൽ പിന്നെ പൊതുജനങ്ങൾക്കു കൊടുക്കുവാൻ അവിടെ ബാക്കി നീക്കിവച്ചിട്ടുള്ളതിൽനിന്നു അധഃകൃതർക്കു കൊടുക്കുവാൻ സൗകര്യം ഉണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സൗകര്യം ഉണ്ട്. പട്ടാളത്തിൽനിന്നു പിരിച്ചുവിട്ടവർക്ക് ഉപജീവനമാർഗ്ഗം ഉണ്ടാക്കികൊടുക്കേണ്ടതു ഗവൺമെന്റിന്റെ കടമയാണ്. അവർക്ക് കൃഷി ആവശ്യത്തിനുവേണ്ടി ഭൂമി കൊടുക്കുന്നപക്ഷം അതു എല്ലാവിധത്തിലും വളരെ ഉപകാരപ്രദമായിരിക്കും എന്നു വിചാരിച്ചിട്ടാണ് റാന്നിയിൽ ഇത്രയും സ്ഥലം അവർക്കു നീക്കിവച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവക്ക് ഓരോരുത്തക്കും എത്ര ഏക്കർ വീതം കൊടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: ൪ ഏക്കർ സ്ഥലം വീതം.

ശ്രീ. കെ. ആർ. ഇലങ്കത്ത്: റാന്നിയിൽ ൪ ൦ ൦ ഏക്കർ സ്ഥലം പൊതു ജനങ്ങൾക്ക കൊടുക്കുവാനായി നീക്കിവച്ചിട്ടുള്ളതിൽ എത്ര ശതമാനം ഹരിജനങ്ങൾക്ക കൊടുക്കുവാനായി നീക്കിവച്ചിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: ശതമാനക്കണക്കിനല്ല നീക്കി വച്ചുമ ട്ടുള്ളത്.

ശ്രീ. സി. സി. പ്രസാദ്: റാന്നിയിൽ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് അ പേക്ഷ അയച്ചിട്ടുള്ള ഹരിജനങ്ങളിൽ ആരെങ്കിലും ഇപ്പോൾ ജീവിച്ചിരി പ്പുണ്ടോ?

Mr. Speaker: That question does not arise.

ശ്രീ. എം. ഐ. പാൽ: റാന്നിയിലും മറ്റും ഭൂമി പതിച്ചുകൊടുക്കുന്ന കാ ര്യത്തിൽ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പരാതികൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടി ട്ടില്ല.

ശ്രീ. എം. ഐ. പാൽ: മാർച്ച് ൧൩-ാംതീയതിയിലെ 'ദീപിക' പത്രത്തിൽ ഇ തിനെ സംബന്ധിച്ചു പരാതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരം അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രം ഞാൻ വായിച്ചിട്ടില്ല.

ശ്രീ. എം. ഐ. പാൽ: ഭൂമി പതിവിനെ സംബന്ധിച്ച് ചില അക്രി ത്യങ്ങൾ കാണിച്ചിട്ടുള്ളതായി മുൻമന്ത്രി ശ്രീമതി ആനിമസ്ക്രീൻ അവരുടെ ബ ഡ്ജറ്റ നിരൂപണ പ്രസംഗത്തിൽ പറഞ്ഞ വിവരം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

Mr. Speaker: That is disallowed.

ശ്രീ. ടി. കൊച്ചുകൃഷ്ണപിള്ള: ഭൂമിപതിവിനെ സംബന്ധിച്ചു പിന്നോക്ക സമുദായ സംരക്ഷകനാണ് എന്തെങ്കിലും താക്കീതു നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ എം. ഐ. പാൽ: കഴിഞ്ഞ ബഡ്ജറ്റ സമ്മേളനത്തിൽ ഞാൻ ചോ ദിച്ച അനുസരിച്ചു ഞാൻ ഉന്നയിച്ച പ്രശ്നത്തിന്റെ വാദപ്രതിവാദം നടന്ന അവസര ത്തിൽ മന്ത്രിസ്ഥാനത്തുനിന്നും നൽകിയ മറുപടി ഇപ്പോൾ ഓർമ്മിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സ്ഥലവും ഈ സ്ഥലവും തമ്മിൽ വ്യ ത്യാസം ഉണ്ട്. റാന്നിയിൽ ഏതെങ്കിലും വ്യക്തിക്കോ, വ്യക്തിസമൂഹത്തിനോ ഭൂമി അലോട്ടുചെയ്തിട്ടില്ല.

ബസ്സ് റൂട്ടുകൾ

* ൭൫൭. (൧൦) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽ കുമോ—

(എ) ഫൈൻ ആർട്സ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിന്റെ പുതിയ ബസ്സ് റൂട്ടുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റൂട്ടുകൾ ഏതെല്ലാം സ്ഥലങ്ങളിൽ ആയിരിക്കും;

(സി) പുതിയ റൂട്ടുകൾ പൊതുജനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത് ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly